# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **835** **08.01.2014**-ൽ മറുപടിക്ക്

## 'കോഴിക്കോട് മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പ്രദീപ് കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഓരോ പ്രവൃത്തിക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ? | (എ)യും (ബി)യും<br><br>പി.എം.എസ്.എസ്..വൈ. (മൂന്നാം പാദം) പദ്ധതിയിൽ സംസ്ഥാന വിഹിതമുപയോഗിച്ച് 8.80 കോടി രൂപയുള്ള ഹോസ്റ്റൽ നിർമ്മാണവും, 56 കോടി രൂപ ഉപയോഗിച്ച് നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ പുനരുദ്ധാരണവും നടന്നുവരുന്നു. "മെഡിക്കൽ കോളേജുകളുടെ പദവി ഉയർത്തലും പി.ജി. സീറ്റുകളുടെ വർദ്ധനയും" പദ്ധതിയിൽ കേന്ദ്ര വിഹിതമായ 10.68 കോടി രൂപ ചെലവാക്കി ലൈബ്രറി നിർമ്മാണം പുരോഗമിക്കുകയാണ്. 13-ാം ധനകമ്മീഷന്റെ ഫണ്ടുപയോഗിച്ച് 2.5 കോടി രൂപയുള്ള പഴയ ലിഫ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും കാമ്പസ് മുഴുവൻ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മരണപ്പെട്ടവരുടെ, ദാനം ചെയ്ത അവയവങ്ങൾ മാറ്റിവെയ്ക്കൽ പദ്ധതിയുടെ ഭാഗമായി അധിക |

കേന്ദ്ര സഹായമായി ലഭിച്ച 131 ലക്ഷം രൂപ ഉപയോഗിച്ച് ശസ്ത്രക്രിയാ തിയേറ്ററിന്റെ നിർമ്മാണം പി.ഡബ്ല്യു.ഡിയെ ഏൽപ്പിച്ചിരിക്കുകയാണ്. സംസ്ഥാന ഫണ്ടിൽ നിന്നും അനുവദിച്ച 1,22,27,280/ രൂപയുടെ നവജാത ശിശുക്കൾക്കായുള്ള തീവ്രപരിചരണ വിഭാഗം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, 95,00,000/- രൂപയുടെ ഓങ്കോളജി & ടെർഷ്യറി കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. സംസ്ഥാന ഫണ്ടിലെ ഒരു കോടി രൂപ ചെലവിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായുള്ള ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ആസ്തി ഫണ്ടിൽ നിന്നുള്ള 12.44 കോടി രൂപ ചെലവിൽ പി.ജി. വിദ്യാർത്ഥികൾക്കായുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം, 3.55 കോടി രൂപ ചെലവിൽ 100 വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലിന്റെ നിർമ്മാണം, 36 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ കോളേജ് കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ, ഒരു കോടി എട്ടുലക്ഷം രൂപ ചെലവുവരുന്ന തീ പൊള്ളൽ വിഭാഗം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, 10 കോടി രൂപ ചെലവിൽ ലക്ചർ തിയറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇതേ ഫണ്ടിൽ നിന്നുള്ള 7 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന 250 ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ, 75 ലക്ഷം രൂപ ഉപയോഗിച്ച് ആൺ കുട്ടികളുടെ ഒന്നും രണ്ടും ഹോസ്റ്റലുകളുടെ നവീകരണപ്രവർത്തനങ്ങൾ, 7.50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റേയും അനുബന്ധ റോഡിന്റെയും നവീകരണപ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ എന്നിവയും പുരോഗമിക്കുന്നു.

Deepa

**സെക്ഷൻ ഓഫീസർ**